**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 02 .03. 2023

**പോസ്റ്റ്മോർട്ടത്തിന് കൈക്കൂലി വാങ്ങുന്നതിന്നിടയിൽ മൃഗഡോക്ടർ വിജിലൻസ് പിടിയിൽ**

സ്വകാര്യ ഫാമിൽ വളർത്തിയിരുന്ന എരുമക്കുട്ടിയെ പോസ്റ്റുമോർട്ടം ചെയ്തതിന് ഫാം ഉടമയിൽ നിന്നും 1000/- രൂപ കൈക്കൂലി വാങ്ങിയ കോട്ടയം പനച്ചിക്കാട് ഗവ.മൃഗാശുപത്രിയിലെ ഡോ. ജിഷ.കെ. ജെയിംസ് വിജിലൻസ് ഇന്ന് (02.03.2023) പിടികൂടി.

വിദേശ മലയാളിയുടെ ഉടമസ്ഥതയിലുള്ളതും പനച്ചിക്കാട് കുഴിമറ്റത്തുള്ള വീടിനോട് ചേർന്നുള്ളതുമായ ഫാമിൽ വളർത്തുന്ന മൃഗങ്ങളെ പരിശോധിച്ച് പ്രതിരോധ കുത്തിവയ്പുകൾ എടുക്കുന്നതിനായി പനച്ചിക്കാട് ഗവ.ആശുപത്രിയിലെ ഡോക്ടറായ ജിഷ.കെ. ജെയിംസ് കൺസൽട്ടേഷൻ ഫീസ് എന്ന വ്യാജേന ഓരോ പ്രാവശ്യവും 500/- രൂപ വീതം പരാതിക്കാരന്റെ പക്കൽ നിന്നും കൈപ്പറ്റിയിരുന്നു. തുടർന്ന് 2023 ജനുവരിയിൽ അസുഖം ബാധിച്ച പശുവിനെ ഫാമിലെത്തി പരിശോധിച്ച് ചികിത്സ നടത്തിയ സമയം കൺസൽട്ടേഷൻ ഫീസ് ഇനത്തിൽ എന്ന വ്യാജേന 1000/- രൂപ പരാതിക്കാരനിൽ നിന്നും ഡോക്ടർ ചോദിച്ച് വാങ്ങിയിരുന്നു. ഇതിൽ സംശയം തോന്നിയ പരാതിക്കാരൻ അന്വേഷിച്ചതിൽ വളർത്തുമൃഗങ്ങൾക്കും സർക്കാർ മൃഗാശുപത്രികളിലെ സേവനം സൌജന്യമാണെന്ന് മനസ്സിലായിട്ടുള്ളതാകുന്നു. കഴിഞ്ഞമാസം അവസാനത്തോടെ പരാതിക്കാരന്റെ ഫാമിൽ വളർത്തിയിരുന്ന എരുമക്കുട്ടി ചത്തുപോയതിനെ തുടർന്ന് മരണ കാരണം അറിയുന്നതിന് എരുമക്കുട്ടിയെ പോസ്റ്റ് മോർട്ടം ചെയ്യുന്നതിന് ഡോക്ടറുടെ സേവനം കിട്ടുന്നതിനായി ഡോ. ജിഷ.കെ.ജെയിംസിന്റെ ഫോണിലേയ്ക്ക് വിളിക്കുകയും അന്നേ ദിവസം തന്നെ ഡോക്ടർ ഫാമിലെത്തി എരുമക്കുട്ടിയെ പോസ്റ്റുമോർട്ടം ചെയ്യുകയും കൈക്കൂലിയായി 1000/- രൂപ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ആ സമയം കൈയ്യിൽ ഒറ്റ പൈസ പോലുമില്ലെന്നും അടുത്ത ദിവസം കൊണ്ട് തരാമെന്നും പരാതിക്കാരൻ അറിയിക്കുകയും ഡോക്ടർ സമ്മതിക്കുകയും ചെയ്തു. തുടർന്ന് പരാതിക്കാരൻ ഈ വിവരത്തിന് അന്നേ ദിവസം തന്നെ വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വി.ജി വിനോദ് കുമാറിന് പരാതി സമർപ്പിക്കുകയും പോലീസ് സൂപ്രണ്ട് ട്രാപിൽ പെടുത്തുന്നതിനുള്ള നടപടികൾക്കായി വിജിലൻസ് കോഴിക്കോട് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. രവികുമാറിനെ ചുമതലപ്പെടുത്തുകയും ചെയ്തു

തുടർന്ന് ശ്രീ. രവികുമാറിന്റെ നേരിട്ടുള്ള നേതൃത്വത്തിൽ വിജിലൻസ് സംഘം നിരീക്ഷിച്ച് വരവേ ഇന്ന് (02.03.2023) രാവിലെ 11.30 മണിയോടെ പനച്ചിക്കാട് ഗവ.ആശുപത്രിയിൽ വച്ച് പരാതിക്കാരനിൽ നിന്നും 1000/- രൂപ കൈക്കൂലി വാങ്ങിയ

ഡോ.ജിഷ.കെ.ജെയിംസിനെ വിജിലൻസ് കൈയ്യോടെ അറസ്റ്റ് ചെയ്യുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ആയ ശ്രീ. രവികുമാറിനെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ.മഹേഷ് പിള്ള, , ശ്രീ.ഐ.വി.വി പ്രദീപ്, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ.ബിജു, ശ്രീ.പ്രദീപ്, ശ്രീ.സ്റ്റാൻലി തോമസ്, ശ്രീ.സുരേഷ്, ശ്രീ.ജെയ്സൺ, ശ്രീ.അനിൽകുമാർ, ശ്രീ.ഗോപകുമാർ, ശ്രീ.ജയ് മോൻ, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ.അനിൽകുമാർ, ശ്രീ.ബിജുമോൻ, ശ്രീ.സുരേഷ്, ശ്രീ.സൂരജ്, ശ്രീമതി രഞ്ജിനി, ശ്രീ. അരുൺബാബു, ശ്രീമതി ബിന്ദു, ശ്രീമതി ജാൻസി, ശ്രീമതി അശ്വതി എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.